# ജാമക്കാരൻ
# JAMAKKARAN

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 5**

**MAY - 2022 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**



കർത്താവിൽ പ്രിയരെ,

ജീവനുള്ള നമ്മുടെ ദൈവമായ യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം. ഈ പ്രാവശ്യവും മൂന്ന് മാസ മാസിക ഒരുമിച്ചു അയക്കാൻ സഹായിച്ച ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ വായനക്കാരിൽ പലർ മാനസാന്തരപ്പെട്ട അനുഭവം ഉള്ളവരായിരുന്നാലും ആത്മീക ജീവിതത്തിൽ വളർച്ച ഇല്ലാത്തവരായിരിക്കുന്നു. 30 വർഷത്തിനുമുമ്പു അവരെ കണ്ടതുപോലെ തന്നെ. അവരുടെ ആത്മീക ജീവിതം കാണപ്പെടുന്നു. വളർച്ച ഇല്ലാത്ത അവരുടെ ജീവിതത്തെ കണ്ടിട്ട് മനസ്സിൽ വിഷമം ഉണ്ടാകുന്നു.

ഞായറാഴ്ച ആരാധന ബുധനാഴ്ച ഉപവാസ പ്രാർത്ഥന വെള്ളിയാഴ്ച കൂട്ടായ്മ പ്രാർത്ഥന ഇങ്ങനെ യാന്ത്രികമായ ക്രിസ്തീയ ജീവിതത്തിൽ തൃപ്തി ആയിരിക്കുന്നു. കർത്താവിനുവേണ്ടി വിശേഷിച്ചു ചെയ്യുന്നത് ഒന്നുമില്ല. ഇത് ആപത്താണ്.

ഒരു സഹോദരൻ എന്നോട് പറഞ്ഞത് എന്റെ മാതാപിതാക്കൾ എന്നെ പൂർണ്ണ സുവിശേഷവേലക്ക് അയക്കണം എന്നു പ്രാർത്ഥിച്ചു

# MAY- 2022

തീരുമാനിച്ചതായി എന്നോട് എപ്പോഴും പറയും. പക്ഷെ എന്റെ അമ്മ പറയുന്നതുപോലെ പൂർണ്ണ ദൈവവേലയിൽ ഇറങ്ങാൻ എനിക്കിഷ്ടമില്ല. പള്ളി അച്ഛനായോ പാസ്റ്ററായോ സുവിശേഷകനായോ മാറുവാൻ എനിക്കു താല്പര്യമില്ല. അതുകൊണ്ടു ഞാൻ എന്റെ പഠിത്തത്തിൽ മുന്നേറി. ഇന്ന് വലിയ ഒരു കമ്പനിയിൽ ഉയർന്നപദവിയിൽ ഒരു ലക്ഷം രൂപ വരുമാനത്തിൽ എന്റെ ഭാര്യയോടും മക്കളോടും കൂടെ ജീവിക്കുന്നു. അതുപോലെ എന്റെ അമ്മയുടെ ആഗ്രഹങ്ങളെ ഞാൻ നിറവേറ്റാതെ ദൈവവേലയെ അലക്ഷ്യപ്പെടുത്തിയോ എന്ന കുറ്റ ഉണർവു എന്നെ ബാധിക്കുന്നു. എന്റെ കല്യാണം കഴിഞ്ഞ ഉടൻ തന്നെ എന്റെ ഭാര്യ ഗർഭിണിയായി കുഞ്ഞു ജനിച്ചശേഷം രണ്ടുദിവസം കഴിഞ്ഞപ്പോൾ മരിച്ചുപോയി ഉടനെ എല്ലാവരും ഇതു ദൈവത്തിന്റെ ശിക്ഷയാണ് വളരെ വേഗത്തിൽ നിന്റെ ജോലി രാജി വയ്ക്കണം എന്നു പറഞ്ഞു. എന്റെ വീട്ടിൽ അമ്മയെ കാണാൻ പതിവായി വരുന്ന ദൈവവേലക്കാരൻ വീട്ടിൽ വന്നു പ്രാർത്ഥിച്ചപ്പോൾ കുഞ്ഞു മരിച്ചത് ദൈവശിക്ഷ എന്ന് പ്രവചനം പറഞ്ഞു പ്രാർത്ഥിച്ചു ഇതെല്ലാം എന്റെ മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ഞാൻ എന്റെ ബാല്യപ്രായത്തിൽ യുവാക്കളുടെ യോഗത്തിൽ രക്ഷിക്കപ്പെട്ടവനാണ്. എന്നാലും എല്ലാവരും പറയുന്നതുപോലെ ദൈവവേല ചെയ്യാത്തതുകൊണ്ട് ദൈവം എന്റെ കുഞ്ഞിനെ എടുത്തോ എന്നു ഞാനും സംശയിക്കുന്നു.

ഈ അവസരത്തിൽ ഡോ. പുഷ്പരാജ് കേരളത്തിൽ കാർത്തികപള്ളി എന്ന സ്ഥലത്ത് നടന്ന യോഗത്തിൽ നടത്തിയ മുന്നുദിവസപ്രസംഗം ഞാൻ കേട്ടു. ആ പ്രംസഗത്തിന്റെ വിഷയം എന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. വചനത്തെളിവോടു ആ പ്രസംഗം ഉണ്ടായിരുന്നു. അതിൽ ഡോക്ടർ പറഞ്ഞ പ്രത്യേക വിഷയം പൂർണ്ണ സമയ ദൈവവേലയിൽ തന്നെ ദൈവത്തെ സന്തോഷിപ്പിക്കാൻ സാധിക്കും എന്നു പറയുന്നത് തെറ്റ്. 30 വർഷത്തിനു മുമ്പ് ഡോക്ടർ പ്രസംഗിച്ച ആ പ്രസംഗവിഷയം ഇന്നുവരെ ഞാൻ മറന്നിട്ടില്ല. ഈ ലോകത്തിലുള്ള ഓരോരുത്തരെക്കുറിച്ചും ദൈവത്തിനു ഒരു പദ്ധതിയും ദൗത്യവും ഉണ്ട്. ഓരോരുത്തരെയും ഓരോ ഇടത്തിൽ ദൈവം ആക്കി വച്ചിരിക്കുന്നു മനുഷ്യന്റെ ശരീരം ദൈവാലയമാകുന്നു. ആ ശരീരത്തിൽ യേശു തലയായും മറ്റു അവയവങ്ങൾ എല്ലാം ശരീരത്തോട് ചേർന്ന് മുഴുശരീരമായി പ്രവർത്തിക്കുന്നു. കൈകൾ അതിന്റെ ജോലി ചെയ്യണം. കൈകൾ കാലുകളായി മാറാൻ ആഗ്രഹിക്കാൻ പാടില്ല. 1 തിമോത്തിയിൽ പൗലോസ് തിമത്തിയോസിന്

എഴുതുമ്പോൾ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയുമായ പല പാത്രങ്ങൾ ഉണ്ട്. ഇത് ആ വീട്ടിലെ യജമാനന്റെ ഉപയോഗത്തിനായി ആ വീട്ടിൽ വെച്ചിരിക്കുന്നു. ഏതു നല്ല പ്രവർത്തനത്തിനും ആ പാത്രത്തെ ഉപയോഗിക്കാൻ ആ വീട്ടിലെ യജമാനനു അധികാരം ഉണ്ട്. ഇതിൽ ഒരു നിബന്ധന ഉണ്ട്. ഏതു തരത്തിലുള്ള പാത്രം ആയാലും അതു വിശുദ്ധമായി വന്നാൽ മാത്രം യജമാനൻ ഉപയോഗിക്കും. യജമാനനു ഉപയോഗിക്കാൻ ആഗ്രഹം ഉള്ളപ്പോൾ പാത്രങ്ങൾ വിശുദ്ധമല്ലാതെ പോയാൽ അവൻ മൺപാത്രത്തെ എടുത്തു ഉപയോഗിക്കും.

അതുപോലെ നമ്മുടെ ജീവിതത്തിൽ അവരവരുടെ കഴിവിനു തക്കവണ്ണം പഠിത്തത്തിനു തക്കവണ്ണം ജോലിയെ തിരഞ്ഞെടുക്കണം. പക്ഷെ ഏതു ജോലി ചെയ്താലും അതു ദൈവത്തിനായി തന്നെ ചെയ്യണമെന്ന് കൊലൊസ്യ ലേഖനം വ്യക്തമായി പറയുന്നു. അതുകൊണ്ട് ആ സഹോദരനോട് ഞാൻ പറഞ്ഞു നീ ചെയ്യുന്ന ജോലിയോടുകൂടെ തന്നെ പരസ്യമായി സുവിശേഷം പറയുവാൻ സാഹചര്യം കിട്ടിയില്ല എങ്കിൽ നിങ്ങളുടെ സാക്ഷ്യം മൂലമായി ക്രിസ്തുവിനെ കാണിക്കണം. നിങ്ങളുടെ താഴെയുള്ള ജോലിക്കാരനോട് നിങ്ങൾ കാണിക്കുന്ന സ്നേഹം ക്രിസ്തുവിനെ കാണിക്കും. തെറ്റു ചെയ്ത വേലക്കാരനെ ശിക്ഷിക്കാതെ തനിച്ചു വിളിച്ചു ഗുണദോഷം പറഞ്ഞ് ഞാൻ നിന്നെ ജോലിയിൽ നിന്നു പിരിച്ചുവിട്ടാൽ നിന്റെ കുടുംബത്തിന്റെ സ്ഥിതി, കുട്ടികളുടെ പഠിത്തം എന്താകും എന്നു ചിന്തിച്ചുനോക്ക്. ഇനി ഈ തെറ്റ് ആവർത്തിക്കരുത്. തെറ്റു ചെയ്യുമ്പോഴെല്ലാം വിളിച്ചു ഗുണദോഷം പറയില്ല. അതും നീ മനസ്സിലാക്കണം എന്നു പറഞ്ഞു. അവനെ അറിയിക്കുമ്പോൾ അവന്റെ ജീവിതത്തിലും ജോയിലും മാറ്റം ഉണ്ടാകും. ക്രിസ്തുവിനെ ഇങ്ങനെ നിങ്ങളുടെ പദവിയിലൂടെ കാണിക്കണം.

യെശയ്യ 43:12 –ൽ ഞാൻ തന്നെ ദൈവം എന്നതിനു നിങ്ങൾ എനിക്കു സാക്ഷികൾ എന്നു കർത്താവു പറയുന്നു. നമ്മുടെ ദൈവത്തെ കാണിക്കാൻ സാധിക്കില്ല. ഇപ്പോഴുള്ള യേശുക്രിസ്തുവിന്റെ ഫോട്ടോ ക്രിസ്തുവിന്റെ യഥാർത്ഥ രൂപമല്ല. അതു വരച്ചതാണ്. നമ്മുടെ ദൈവം ആത്മാവാകുന്നു. അതുകൊണ്ട് നമ്മുടെ ദൈവം നമ്മെ എല്ലാവരേയും പ്രകാശിക്കുന്ന വിളക്കായി ലോകജനങ്ങൾക്കു പ്രയോജനമുള്ള ഉപ്പായി ഓരോരോ സ്ഥലത്ത് ആക്കിവെച്ചിരിക്കുന്നു. ഇരുട്ടിൽ ഉള്ള ജനം വെളിച്ചം കണ്ടു എന്നു വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നു. വഴി അറിയാതെ ഭ്രമിച്ചു നില്ക്കുന്ന ജനങ്ങൾക്ക് വഴി കാണിക്കുന്ന വെളിച്ചമായി അവൻ

പിന്നാലായിപ്പോകാതെയിരിക്കുന്ന ഉപ്പായി നാം ജീവിക്കണം. നിങ്ങൾ ഏതു ജോലി തിരഞ്ഞെടുത്താലും ആ ജോലിയിൽ നിങ്ങൾ സത്യസന്ധരായി പ്രവർത്തിക്കണം. കൊലൊ. 3:24 –ൽ നിങ്ങൾ എന്തു ചെയ്താലും അതു മനുഷ്യർക്കെന്നു ചെയ്യാതെ കർത്താവിനുവേണ്ടി മനഃപൂർവ്വമായി ചെയ്യണം എന്നു എഴുതിയിരിക്കുന്നു. അദ്ധ്യാപകനായോ, ഓഫീസിലോ, ഓട്ടോറിക്ഷ ഓടിക്കുന്ന ജോലിയോ ഏതു ജോലി ചെയ്താലും നിങ്ങളുടെ കൂടെ ജോലി ചെയ്യുന്ന മറ്റുള്ളവരെക്കാൾ വ്യത്യാസമുള്ളവരായി കാണപ്പെടണം. നിങ്ങൾ ഒരു ക്രിസ്ത്യാനി എന്നുള്ളത് വാക്കിനാൽ പറയാതെ പ്രവർത്തിയാൽ കാണിക്കണം. സ്കൂളിലോ കോളേജിലോ ഓഫീസിലോ ചെല്ലുമ്പോൾ സമയത്തിനുമുമ്പേ എത്തുന്നതു നല്ല സാക്ഷ്യം ആണ്. ഓരോ ദിവസവും താമസിച്ചെത്തുന്ന ആൾക്കാർ ഉണ്ട്. കൂടെ ജോലി ചെയ്യുന്നവർ ഇവരെ കളിയാക്കും അതു ദൈവത്തിനു അപമാനമാണ്. നിങ്ങൾ നിങ്ങളുടെ ജോലി ശരിയായി ചെയ്താൽ, ആരും കുറ്റം പറയാത്ത വിധത്തിൽ ജോലി ചെയ്താൽ അതു ദൈവത്തിനു പ്രസാദമായിരിക്കും.

ക്രിസ്ത്യാനികൾ നിയമത്തിനു അനുസരണ കാണിക്കുന്നവരാ യിരിക്കണം. അദ്ദേഹം ഒരു ക്രിസ്ത്യാനി ആയതുകൊണ്ട് അദ്ദേഹം കള്ളം പറയില്ല എന്ന് മറ്റുള്ളവർ സാക്ഷി പറയുമ്പോൾ അതു ക്രിസ്തുവിനെ കാണിക്കുന്നതായിരിക്കും. നിങ്ങളുടെ കഴുത്തിലെ ചെയിനിൽ ക്രൂശിനെ ഇട്ടതുകൊണ്ട് നിങ്ങൾ ക്രിസ്ത്യാനികൾ എന്നു പറയാൻ സാധിക്കില്ല കാരണം സിനിമയിലും വില്ലന്മാർ റൗഡികൾ കൊല്ലുന്നവർ എല്ലാവരുടെ കഴുത്തിലും ക്രൂശിന്റെ അടയാളമുള്ള മാല ഇട്ടിരിക്കുന്നു. ഇതു നവീനകാല ഫാഷനായിപ്പോയി. ക്രൂശിനെ മാലയിൽ ധരിച്ചിരിക്കുന്ന എത്രയോ ബിഷപ്പുമാർ, അച്ചന്മാർ കോടതിയിൽ വെട്ടിപ്പുനടത്തിയതുകൊണ്ട് കൂടെയുള്ള കന്യാസ്ത്രീകളെ ബലാത്സംഗം ചെയ്തതുകൊണ്ട് സഭയുടെ പണം വെട്ടിച്ചതുകൊണ്ട് കുറ്റാരോപിതരായി പ്രതിക്കൂട്ടിൽ നില്ക്കേണ്ടി വരുന്നു. അതു മുഖാന്തരം പല വർഷങ്ങൾ ജയിൽ ശിക്ഷ അനുഭവിച്ചു പുറത്തുവന്നിരിക്കുന്നു. നമ്മുടെ ദൈവം, തന്നെ മറ്റുള്ളവർ പരിഹസിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. അവർ ലോകത്തിൽ മനുഷ്യപുത്രനായി ജീവിച്ചപ്പോൾ പബ്ലിക് ആയി എന്നിൽ കുറ്റം ഉണ്ടെന്ന് ആർക്കെങ്കിലും തെളിയിക്കാമോ എന്നു വിളിച്ചു പറഞ്ഞു. അതേ കാര്യമാണ് ദൈവം നാം എല്ലാപേരിലും പ്രതീക്ഷിക്കുന്നത് വേദവചനം പറയുന്നു. **ക്രിസ്തുവിന്റെ ഭാവം** നിങ്ങളിൽ ഉണ്ടായിരിക്കണം. **ക്രിസ്തുവിന്റെ ചിന്ത** നിങ്ങളിൽ ഉണ്ടായിരിക്കണം.

നിങ്ങളുടെ വീട്ടിൽ വെച്ചിട്ടുള്ള യേശുക്രിസ്തുവിന്റെ ഫോട്ടോ, ക്രൂശ് ഇതെല്ലാം കൊണ്ട് ക്രിസ്തീയ ഭവനം എന്നു പറയാൻ സാധിക്കില്ല. നിങ്ങളുടെ വീടിന്റെ അടുത്തു താമസിക്കുന്നവർ നിങ്ങളെക്കുറിച്ചു പറണം. ചില ക്രിസ്തീയ ഭവനങ്ങളിൽ ദേഷ്യം വഴക്ക് കാരണം ശബ്ദം ഉയർത്തി വഴക്കു കൂടുമ്പോൾ അയല്ക്കാർ നിങ്ങളെക്കുറിച്ചു എന്തു ചിന്തിക്കും അതുകൊണ്ടു നിങ്ങളുടെ കുടുംബത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യം ഉണ്ടായിരിക്കില്ല.

1965 –ാം വർഷം ഞങ്ങളുടെ വീടിന്റെ സിലോൺ പെന്തക്കോസ്തുസഭയിൽ (റ്റി.പി.എം.) ഉള്ള ഒരു കുടുംബം വാടകയ്ക്കു താമസിച്ചിരുന്നു. ആ വീട്ടിൽ ഉള്ള സഹോദരി പ്രൈമറി സ്കൂൾ ടീച്ചർ ആയി ജോലി നോക്കുന്നു. ഭർത്താവിന് ആശാരിപണി (Carpenter) ആണ്. പക്ഷെ ഒരു ജോലിക്കും പോകാതെ പകലും രാത്രിയും മദ്യപിച്ചുകൊണ്ടിരുന്നു. ഇവർക്ക് ആറുമക്കൾ. ആ പിള്ളാരെ വളർത്താൻ ആ സഹോദരി പെട്ട പാട് പറഞ്ഞറിയിക്കാൻ കഴിയില്ല. ബന്ധുക്കൾ ആരും സഹായിക്കാനില്ല. അന്നത്തെക്കാലത്ത് ആ റ്റീച്ചർ ജോലിയിൽ കിട്ടിയ അല്പവരുമാനത്തിൽ വീടുവാടകയും കൊടുത്ത് പിള്ളാരെ പഠിപ്പിക്കാൻ വളരെ പ്രയാസപ്പെട്ടു. വീട്ടിൽ ഉള്ള എല്ലാപേരും ഒരു നേരം ആഹാരം മാത്രമേ കഴിക്കൂ. പല പ്രാവശ്യം ആ റ്റീച്ചർ എന്റെ അമ്മയുടെ അടുത്തുവന്ന് കഞ്ഞിവെള്ളം ഉണ്ടെങ്കിൽ കുറച്ചു പിള്ളാർക്കുവേണ്ടി തന്നു സഹായിക്കാമോ എന്നു ചോദിച്ചു പാത്രം കൊണ്ടുവരുമ്പോൾ ആ കഞ്ഞിയിൽ കുറച്ചു ചോറും ഇട്ടു ആ കുഞ്ഞുങ്ങളുടെ വിശപ്പുമാറ്റാൻ സഹായിക്കും.

ഇതിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നതു ഓരോരോ ദിവസവും അതിരാവിലെ നാലരമണിക്ക് എണീറ്റ് വീട്ടുമുറ്റത്ത് പായ് ഇട്ട് ധാരാളം സ്തോത്രപാട്ടുകൾ പാടിക്കൊണ്ടിരിക്കും ഭർത്താവു പ്രാർത്ഥനയ്ക്കു വരികയില്ല. ഉറങ്ങുന്ന പിള്ളാർ അവരുടെ പാട്ടിന്റെ ശബ്ദം കേട്ട് താനേ ഉണർന്ന് മുഖം കഴുകി പ്രാർത്ഥനക്കായി വട്ടമായിരിക്കും. പിള്ളാരും നല്ല ഉച്ച ശബ്ദത്തിൽ പാട്ടുപാടി ദൈവത്തെ സ്തുതിക്കും. വായിക്കുന്നവർ സങ്കല്പത്തിൽ ചിന്തിക്കണം. അതിരാവിലെ നാലരമണി ചുറ്റിലും താമസിക്കുന്ന മുസ്ലീം കുടുംബങ്ങളും ഹൈന്ദവ കുടുംബങ്ങളും ആണ്. എന്നാലും ഇവരുടെ പാട്ടു ശബ്ദം കേട്ട് ആരും എതിരായി പറഞ്ഞിട്ടില്ല. പല പ്രാവശ്യം ഈ സഹോദരി കീറിയ സാരി ഉടുത്തുകൊണ്ട് പോകുന്നത് കണ്ടിട്ടുണ്ട്. അതിലവർക്കു ലജ്ജ് തോന്നിയിട്ടില്ല. ഇത്രയും ദാരിദ്രത്തിന്റെ ഇടയിൽ ചുറ്റിലും ഉള്ള സാധുകുട്ടികൾക്ക് ഫ്രീയായി

ട്യൂഷൻ എടുക്കും. സ്കൂളിൽ അവർക്കു നല്ല പേര്. അയല്ക്കാരുടെ വീടുകളിൽ ആരുടെ വീട്ടിൽ അസുഖം എന്നു കേട്ടാലും ഓടിച്ചെന്നു പ്രാർത്ഥിച്ചു മടങ്ങിവരും. ഇന്നു അവരുടെ ആറു മക്കളും ഉയർന്ന നിലയിൽ ജീവിക്കുന്നു. മൂത്തമകൻ പട്ടാളത്തിൽ മേജർ എന്ന ഉയർന്നപദവിയിൽ ഇരുന്നു റിട്ടയേഡായി. അടുത്ത ആൾ മെക്കാനിക്കൽ എൻജിനീയർ, മൂന്നാമത്തെ ആൾ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഉയർന്ന പദവിയിൽ ജോലി ചെയ്യുന്നു. ഈ റ്റീച്ചർക്ക് ഒരേ ഒരു മകൾ അവൾ ബി.എസ്.സി. പഠിത്തം മുഴുവനാക്കി. സ്റ്റേറ്റ് ബാങ്ക് പരീക്ഷ എഴുതിയിരുന്നു. ആ സമയത്ത് ആരംഭകാല എന്റെ സുഹൃത്തായി സഹോ. ഡി.ജി.എസ്. ദിനകരൻ ഇന്ത്യ മുഴുവനും ഉള്ള സ്റ്റേറ്റ് ബാങ്കിന്റെ രണ്ടാമത്തെ ഓഫീസറായി ഉയർന്ന സ്ഥാനത്തിൽ ഇരുന്നു. അദ്ദേഹം എന്റെ വീട്ടടിൽ വന്നപ്പോൾ ഈ കുട്ടി പരീക്ഷ എഴുതിയ കാര്യവും പാവപ്പെട്ട വീട്ടിലെ കുട്ടി എന്നും ഞാൻ പറഞ്ഞു. ഉടനെ അദ്ദേഹം കുട്ടിയുടെ പേരും ഹാൾടിക്കറ്റ് നമ്പരും ഒരു പേപ്പറിൽ എഴുതി കൊടുക്കുവാൻ പറഞ്ഞു. എഴുതിക്കൊടുത്ത് ഒരു മാസത്തിൽ ബാങ്ക് ഓഫീസർ ആയി നിയമനം കിട്ടി. ഇന്ന് അവൾ കേരളത്തിൽ എറണാകുളത്ത് തന്റെ ഭർത്താവിനോടുകൂടെ താമസിക്കുന്നു. റ്റീച്ചറുടെ ഭക്തിവൈരാഗ്യവും ദാരിദ്രത്തെ കണ്ട് പിറുപിറുക്കാത്ത അവരുടെ സ്വഭാവവും വിശക്കുന്ന പിള്ളാർക്ക് ഇന്നു ഞാൻ എന്തുകൊടുക്കും എന്ന വിഷമത്തിന്റെ ഇടക്കും അതിരാവിലെ നാലരമണിക്ക് പാടുന്ന സ്തോത്രപാട്ട്. പിള്ളരോടു ചേർന്നു വായിക്കുന്ന വേദവചനവും പ്രാർത്ഥനയും ദൈവത്തെ പ്രസാദിപ്പിച്ചു ഇന്ന് ദൈവം ആ മുഴുവൻ കുടുംബത്തെയും ഉയർന്ന സ്ഥാനത്തെത്തിച്ചു ഞങ്ങൾക്കെല്ലാവർക്കും ആ സഹോദരിയുടെ രാവിലെയുള്ള പ്രാർത്ഥന, കുടുംബത്തിന്റെ ദാരിദ്രത്തിലും പിറുപിറുക്കാതെയുള്ള ജീവിതം ഒരു മുൻ മാതൃകയാണ്. അവസാനത്തെ കുഞ്ഞിനെ എന്റെ വീട്ടിൽ കയറുകൊണ്ടു സാരിയുടെ രണ്ടറ്റവും കെട്ടി തൊട്ടിൽ ഉണ്ടാക്കി കിടത്തിയിട്ട് എന്റെ അമ്മയുടെ അടുത്തു പറഞ്ഞിട്ടുപോകും. ജോലിയിൽ വളരെ ആത്മാർത്ഥയുണ്ടായിരുന്നതു കൊണ്ടു അസിസ്റ്റന്റ് ഹെഡ്മാസ്റ്ററായി ഉയർന്നു. ഈ സഹോദരി തന്റെ ജോലിയിൽ സാക്ഷിയായിരുന്നു. ഓരോരോ ദിവസവും വിശന്നിരിക്കുന്ന തന്റെ പിള്ളാരുടെ ഇടയിൽ യേശുവിനെക്കാണിച്ചു ചുറ്റും ഉള്ള അയല്ക്കാർ, മുസ്ലീങ്ങളും മറ്റും ഈ സ്ത്രീയിൽ ദൈവത്തെ കണ്ടു.

ദൈവത്തിനു സ്തോത്രം. 1 ശമു. 2:30 **എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും** എന്നു കർത്താവു പറഞ്ഞതായി എഴുതിയിരിക്കുന്നു. ഇങ്ങനെ അവരവരുടെ ജോലിയിൽ, വീട്ടിൽ യേശുവിനെ കാണിക്കണം. പൂർണ്ണസുവിശേഷവേലയിൽ തന്നെ സുവിശേഷം അറിയിക്കണം എന്നില്ല. അവരവർ ഇരിക്കുന്ന സ്ഥാനത്തിൽ തന്നെ ക്രിസ്തുവിനെ കാണിച്ചാൽ മതി.

യേശു പറഞ്ഞു നിങ്ങൾ യരുശലേമിലും യഹൂദ്യയിലും ശമര്യയിലും എന്റെ സാക്ഷികൾ ആകും. പ്രസംഗിക്കണം എന്നല്ല പറഞ്ഞത്. സാക്ഷി ആയിരിക്കണം എന്നാണു പറഞ്ഞത്. കർത്താവിന്റെ കൃപ എല്ലാവരോടും ഉണ്ടായിരിക്കട്ടെ.

- ☐ നിങ്ങൾ അയച്ച സംഭാവനകൾ കിട്ടി. മേയ് മാസ അവധി സമയത്ത് നിങ്ങൾ കുടുംബമായി അടുത്തുള്ള മലമ്പ്രദേശഗ്രാമങ്ങളിൽ ചെന്നു താമസിച്ചു കുടുംബമായി തമ്മിൽ തമ്മിൽ ദൈവകാര്യങ്ങളെക്കുറിച്ചു പറഞ്ഞു ദൈവത്തെ സ്തുതിക്കണം. വർഷം ഒരു പ്രാവശ്യം ഇങ്ങനെ ഒരു മാറ്റം നിങ്ങളുടെ കുടുംബത്തിനു വളരെ ആവശ്യം. താമസിക്കുന്ന ഗ്രാമത്തിൽ ചുറ്റിലും ഉള്ളവർക്കു സുവിശേഷം അറിയിക്കാം. അങ്ങനെ പുറത്തുചെന്ന് അവധിദിവസം ചിലവഴിക്കാൻ നിങ്ങളുടെ കുടുംബത്തിൽ അവസരം ഇല്ലാതെ പോയാൽ വീടിനടുത്തുള്ള പാവപ്പെട്ട പിള്ളർക്കു വി.ബി.എസ്. പോലെ പാട്ടുപാടി കഥ പറഞ്ഞു അവരെ യേശുവിനെ അറിയിക്കാൻ ശ്രമിക്കണം. എന്റെ മകളും കല്യാണം കഴിക്കുന്നതു വരെ അവധി ദിവസങ്ങളിലും ഞായറാഴ്ച ദിവസങ്ങളിലും ഇങ്ങനെ ചെറിയ പിള്ളാരുടെ ഇടയിൽ ദൈവവേല ചെയ്തു.
- ☐ നിങ്ങൾ എഴുതി അയച്ച പ്രാർത്ഥന കുറിപ്പുകൾക്കു തുടർന്നും ഞാൻ പ്രാർത്ഥിക്കുന്നു. പലരുടെ പ്രാർത്ഥനാവിഷയങ്ങൾക്കു ദൈവം മറുപടിയും നല്കി. അതിനായി ദൈവത്തെ സ്തുതിക്കുന്നു.
- ☐ ജൂൺ മാസം പിള്ളരെ പുതിയ ക്ലാസുകളിൽ ചേർക്കണം. കോളേജിൽ ചേർക്കണം അതിനുവേണ്ടിയുള്ള പല ആവശ്യങ്ങളെ ദൈവം തന്നെ നിറവേറ്റി സഹായിക്കട്ടെ. തുടർന്നും പ്രാർത്ഥിക്കുന്നു.

**ഡോ. പുഷ്പരാജ**

# "പ്രസംഗകർ ചെയ്യാൻ പാടില്ലാത്തവ"

ആർ. സ്റ്റാൻലി



ഇന്ത്യയിൽ കഴിഞ്ഞ നാല്, അഞ്ച് പതിറ്റാണ്ടുകളായി (1960–2010) നൂറുകണക്കിന് ശുശ്രൂഷയിൽ സംഘങ്ങൾ ഉളവായിട്ടുണ്ട്. അവരുടെ ശുശ്രൂഷകളിലൂടെ ധാരാളം പേരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കപ്പെട്ടു എന്ന വസ്തുതയിൽ നാം സന്തോഷിക്കുമ്പോൾ തന്നെ, അവരുടെ ഇടയിൽ നിലനിൽക്കുന്ന ചില ചിന്താക്കുഴപ്പങ്ങളും പൊള്ളത്തരങ്ങളും വലിയ ഉൽകണ്ഠ ഉളവാക്കുന്നു. എന്നോടു ഉപദേശിച്ചതും പഠിപ്പിച്ചതുമായ ചില കാര്യങ്ങൾ വിവിധ ശുശ്രൂഷകളുടെ നേതൃനിരയിലുള്ളവരോടു ഈ നാളുകളിൽ ഞാൻ പങ്കുവയ്ക്കുന്നു. ഇന്ത്യയിൽ നമ്മിൽ എല്ലാവരിലൂടെയും കർത്താവിന്റെ നാമം മഹത്വപ്പെടുന്നതു കാണുന്നതിനുള്ള ആഗ്രഹം കൊണ്ടാണ് ഞാൻ ഇതു എഴുതുന്നത്.

**1. മറ്റു ശുശ്രൂഷകളെ അനുകരിക്കരുത്**

ഒരേ തോട്ടത്തിൽ അധ്വാനിക്കുന്നതിനാണ് നാം വിളിക്കപ്പെട്ടത്, എന്നാൽ ദൈവം നൽകിയ കർത്തവ്യങ്ങൾ വ്യത്യസ്തമാണ്. പ്രവാചകർ പറയുന്നതുപോലെ, ചിലർ കണ്ണുകളാക്കുന്നതിനു വിളിക്കപ്പെട്ടിരി ക്കുന്നു. "ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ?" (1 കൊരി. 12:17). സഹായികൾ പറയുന്നു ചിലർ കരങ്ങളാണെന്ന്. കാലുകളും, കാൽപ്പാദങ്ങളും ആദ്യകാല മിഷനറിമാരാണെന്ന് പറയും. ഇത്തരത്തിൽ നീണ്ടുപോകും. "സഹോദരന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ ദൈവസന്നിധിയിൽ വസിക്കട്ടെ" (1 കൊരി. 7:24).

ഓട്ടക്കളത്തിൽ കാലടിപ്പാത മാറിപ്പോകരുത്. ഒരു പ്രത്യേക ശുശ്രൂഷ സംഘം വളരെ വിജയകരമാണെന്നും ജനങ്ങളുടെ ഇടയിൽ വളരെ

പ്രസിദ്ധമാണെന്നും കരുതി, ഈ ലോകത്തിലെ വ്യാപാരികളെപ്പോലെ അതിലേക്ക് ചാടിപ്പോകരുത്. നിങ്ങളുടെ മുന്നിൽ വച്ചിട്ടുള്ള ഓട്ടം 'സ്ഥിരത'യോടെ ഓടുക–ദയ, ദൃഢനിശ്ചയം, സ്ഥിരോത്സാഹം, ധൈര്യം (എബ്രാ. 12:1). മറ്റുള്ള ശുശ്രൂഷകളിൽ നിന്ന് നമുക്ക് ധാരാളം കാര്യങ്ങൾ പഠിക്കുവാൻ കഴിയും, എന്നാൽ തമ്മിലുള്ള ദൈവത്തിന്റെ മൗലികത്വം നഷ്ടപ്പെടുത്തരുത്. ദൈവം നമ്മെ വിളിച്ചതിനല്ലാത്ത കാര്യം നാം ചെയ്യാൻ ആരംഭിക്കുമ്പോൾ ദൈവത്തിൽ നിന്ന് ലഭിക്കുന്ന നല്ല അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവം വ്യത്യസ്തതയിൽ ആനന്ദിക്കുന്നു. കർത്താവിന്റെ അഭിരുചി അറിയുന്നതിന് അവന്റെ സൃഷ്ടികൾ നോക്കുക. "എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ?" (1 കൊരി. 12:29). ഉത്തരം ലളിതമാണ്. "ഇല്ല". നാം ഒരു മാറ്റൊലിയല്ല, ഒരു ശബ്ദമായിരിക്കണം.

**2. നിങ്ങളുടെ പരിധിക്കപ്പുറം പോകരുത്**

അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്ക് ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തരോടും പറയുന്നു" (റോമ. 12:3). താലന്തുകളുടെ ഉപമയിൽ എല്ലാവർക്കും തുല്യ താലന്തുകളല്ല നൽകിയത്. ഒരാളിന് അഞ്ചും, രണ്ടാമത്തെ വ്യക്തിക്കും രണ്ടും, അടുത്തയാളിന് കേവലം ഒന്നുമാണ് നൽകിയത്. ദൈവം നമുക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അവൻ ആവശ്യപ്പെടുന്നത്. വലിയ പദ്ധതികൾ തയ്യാറാക്കുന്നത് നല്ലതാണ് എങ്കിലും, അത് പൂർത്തീകരിക്കാൻ മതിയായത് ഉണ്ടെങ്കിലും "ആദ്യം അവിടെ ഇരുന്ന് അതിന്റെ മുതൽ മുടക്ക് കണക്കാക്കുവാണ്" വേദപുസ്തകം പറയുന്നത്. ചില വിശ്വാസമുള്ള സുവിശേഷകർ തങ്ങളുടെ ബാങ്ക് ലോണുകൾ അടയ്ക്കുന്നതിനും അടച്ചു തീർക്കാത്ത ബില്ലുകൾ അടയ്ക്കുന്നതിനുമായി ജനങ്ങളോട് യാചിക്കുന്നത് ഞാൻ വേദനയോടെ ടെലിവിഷൻ സ്ക്രീനിൽ കണ്ടിട്ടുണ്ട്. ഇത് ദൈവത്തിന് മഹത്വം കൊണ്ടുവരികയില്ല. ചില സുവിശേഷകർ തങ്ങളുടെ പരിപാടിയുടെ ദീർഘകാലം മുടക്കം വന്ന തുക അടയ്ക്കാൻ വേണ്ടി ആവർത്തിച്ച് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും യാതൊരു

മറുപടി പോലും നൽകുന്നില്ല എന്ന് ഇന്ത്യയിൽ പരിപാടികൾ സംപ്രേഷണം ചെയ്യുന്ന ഒരു ഏജൻസി പറയുകയുണ്ടായി. ഒരു വ്യക്തി സകല കാര്യങ്ങളും ചെയ്ത് അത്തരത്തിലൂടെ പ്രശ്നങ്ങൾ വരുത്തിവയ്ക്കാതിരിക്കുക. വികസനം ദൈവത്തിൽ നിന്നുള്ള ഒരു അനുഗ്രഹമാണ്, എന്നാൽ നമുക്ക് അവന് മുമ്പേ പോകാൻ കഴിയും. ചിലപ്പോൾ കർത്താവിനാൽ നയിക്കപ്പെടാത്ത വലിയ സംരംഭങ്ങൾ നാം പ്രഖ്യാപിക്കുകയും പിന്നീട് ജനങ്ങളുടെ മുന്നിൽ നിന്ന് നമ്മുടെ മുഖം രക്ഷിക്കുന്നതിന് സ്വർഗ്ഗത്തെയും ഭൂമിയെയും മറച്ച് മാനുഷികരീതികളിൽ അവസാനിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തെ തരംതാഴ്ത്തുന്ന സഹതാപ അപ്പീലുകളും ഒഴിവാക്കുക.

**3. മറ്റു ശുശ്രൂഷകളുമായി മത്സരിക്കരുത്**

മറ്റു ശുശ്രൂഷകളുടെ വളർച്ചയിൽ നിന്ന് നമുക്ക് പ്രചോദനം ആവശ്യമാണെങ്കിലും, നാമെല്ലാവർക്കും ഒരേ കർത്താവിനെ ശുശ്രൂഷിക്കുകയും ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുകയും അനാരോഗ്യകരമായ മത്സരത്തിൽ നിന്നും നമ്മെ സൂക്ഷിക്കുകയുമാണ് യാഥാർത്ഥ്യം. യോഹന്നാൻ 4:1–3 വരെ യേശുവിന്റെ മാതൃക നോക്കുക. “യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്ന് പരീശന്മാർ കേട്ടു എന്നു കർത്താവു അറിഞ്ഞപ്പോൾ..... അവൻ യെഹൂദ്യദേശം, വിട്ടു പിന്നെയും ഗലീലെക്ക് യാത്രയായി”. എന്തൊരു പാഠം! വർഷങ്ങൾക്ക് മുമ്പ് ഞാൻ ഒരു അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുമ്പോൾ വെസ്റ്റേൺ മിഷൻ ലീഡർ എന്നോട് എത്ര പൂർണ്ണ സമയം സുവിശേഷകൻ ഉണ്ട് എന്ന് ചോദിച്ചു. ആ സമയത്ത് ഞങ്ങൾക്ക് പതിനെട്ടു പേർ മാത്രമായതിനാൽ ഞാൻ ആ സംഖ്യ പറഞ്ഞു. ഉടൻ തന്നെ എന്റെ അരികിലിരുന്ന മറ്റൊരു ശുശ്രൂഷ സംഘടന നേതാവ്, അദ്ദേഹത്തോട് ആരും ഒന്നും ചോദിച്ചില്ലെങ്കിലും “ഞങ്ങൾക്ക് അമ്പതുണ്ട്!” എന്ന് മറുപടി പറഞ്ഞു. ഇത്തരത്തിലുള്ള വൃത്തികെട്ട മത്സരം നിർത്തണം. നമ്മുടെ നേട്ടങ്ങളിലും എണ്ണത്തിലും നാം പ്രശംസിക്കരുത്.

“ജ്ഞാനി തന്റെ ജ്ഞാനത്താൽ പ്രശംസിക്കരുത്, പ്രശംസിക്കുന്നവനോ യഹോവയിൽ പ്രശംസിക്കട്ടെ” (യിരെ. 9:23, 1 കൊരി. 1:31).

മറ്റു ശുശ്രൂഷകളുടെ വിജയത്തിൽ നാം സന്തോഷിക്കാൻ പഠിക്കണം. “സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിപ്പിൻ” (റോമ. 12:15).

ദൈവം ഒരു സീനിയർ മിഷനെ മറികടന്ന് ശൗലിന്റെയും ദാവീദിന്റെയും സംഗതിപോലെ, ഒരു ജൂനിയർ മിഷനെ അനുഗ്രഹിക്കട്ടെ, എന്നാൽ നാം അസൂയപ്പെടരുത്. അസൂയ അസ്ഥിത്വത്തിന് ദ്രവത്വം സൃഷ്ടിക്കുന്നു! (സദൃ. 14:30).

**4. നിയമങ്ങൾ ലംഘിക്കരുത്**

ക്രിസ്തീയ ജീവിതവും ശുശ്രൂഷയും കായികവിനോദം, സൈന്യം, കെട്ടിടം എന്നിങ്ങനെ താരതമ്യം ചെയ്തിട്ടുണ്ട്. ഇവയ്ക്കെല്ലാം കൃത്യമായ മാനദണ്ഡങ്ങളും നിയമങ്ങളും ഉണ്ട്. അപ്പൊസ്തലനായ പൗലൊസ് കൃത്യമായി പറഞ്ഞത്, "ഒരുത്തൻ മല്ലു കെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല" (2 തിമൊ. 2:5).

ഇന്നത്തെ ശുശ്രൂഷാലോകത്തിന്റെ ആത്മാവ് സമാപ്തി ഉപാധിയെ ന്യായീകരിക്കുകയാണ്. ജനങ്ങൾക്ക് അനുഗ്രഹവും പ്രാസംഗികന് ഗുണങ്ങളും ലഭിക്കണമെങ്കിൽ എന്തെങ്കിലും ഏതു രീതിയിലും ചെയ്യുക. ഇത് കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾക്ക് വിരുദ്ധമാണ്. വേദപുസ്തകതത്വങ്ങൾ യാതൊരു കാരണവശാലും ലംഘിക്കാൻ പാടില്ല. ദൈവം അത്തരത്തിലുള്ള പ്രവൃത്തികൾ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ കെട്ടിടത്തിൽ നാം ഉപയോഗിച്ച സാമഗ്രികളുടെ ഗുണമേന്മ അന്നു തന്നെ അഗ്നിയാൽ പരിശോധിക്കണം - ദൈവവചനത്താൽ (1 കൊരി. 3:12-13, യിരെ. 23:29). പുതിയ ഒരു കൂട്ടം പ്രാസംഗികർ തങ്ങളുടെ എല്ലാ രീതികളിലും പ്രയോഗങ്ങളിലും "ദൈവം എന്നോടു പറഞ്ഞു" എന്ന മുദ്രാവാക്യവുമായി മുന്നോട്ടു വന്നിട്ടുണ്ട്. ജനങ്ങൾ ചിന്തിക്കുന്നതിനും വിവേചിക്കുന്നതിനും ഭയപ്പെട്ടിരിക്കുന്നു. നാം ശുശ്രൂഷ സംഘടനയുടെ പുരോഗതിക്ക് വേണ്ടിയുള്ള രീതികൾ അവലംബിക്കുമ്പോഴും സാമ്പത്തിക ഉന്നമനത്തിനും വേണ്ടി കാര്യങ്ങൾ ചെയ്യുമ്പോഴും വേദപുസ്തകതത്വങ്ങൾ മറക്കാതിരിക്കാൻ സൂക്ഷിക്കുക.

ധാരാളം പേർ മിഷനുകളിൽ നിന്ന് കൂറുമാറുന്ന ഒരു ദുഃഖകരമായ കാര്യം സാധാരണയായി കണ്ടുവരുന്നു. "യജമാനന്മാരെ വിട്ടു പൊയ്ക്കളയുന്ന ദാസന്മാർ ഇക്കാലത്തു വളരെ ഉണ്ട്" (1 ശമു. 25:10). എന്നാൽ ചില മിഷനുകൾ ഇത്തരത്തിൽ കൂറുമാറുന്നവരെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രോത്സാഹിപ്പിക്കുന്നില്ല. നേതാക്കൾ ഉയർന്ന ധാർമ്മികമായ ഗുണനിലവാരം

പുലർത്തണം. പത്താമത്തെ കല്പന പറയുന്നത്, "കൂട്ടുകാരന്റെ ദാസനെയും ദാസിയെയും അവനുള്ള യാതൊന്നിനെയും മോഹിക്കരുത്" (പുറ. 20:17). മറ്റുള്ളവർ നിങ്ങളോടു ചെയ്യാൻ ആവശ്യമില്ലാത്ത കാര്യം അവരോടും ചെയ്യരുത്!

**5. അതിശയോക്തി കലർത്തരുത്**

"നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു" (മത്താ. 5:37).

ഓരോ ശുശ്രൂഷാ സംഘടനയ്ക്കും അവരുടെ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് മാസികയുണ്ട്. വാർത്ത പ്രസിദ്ധീകരിക്കുന്നതിൽ നാം സത്യസന്ധതയുള്ളവരായിരിക്കണം. നാം എന്തു വിവരം നൽകുന്നു എന്നതിനെക്കാൾ വായനക്കാർക്ക് എന്ന് ആകർഷണം നൽകുന്നു എന്നതിനെ ആശ്രയിച്ചാണ് ദൈവം ന്യായം വിധിക്കുന്നത്. ഞങ്ങളുടെ ക്യാമ്പിൽ 600 പേരാണ് പങ്കെടുത്തതെങ്കിൽ "1000 പേർ പങ്കെടുത്തു" എന്ന് പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്താറില്ല! കാരണം അത് കള്ളമാണ്. വ്യാജത്തിന്റെ പിതാവും കള്ളനുമായ പിശാചിനെ ആദരിക്കുകയാണ്. കർത്താവിന്റെ പ്രാർത്ഥനയിൽ ആദ്യത്തെ യാചന ''തിരുനാം വിശുദ്ധീകരിക്കേണമേ'' എന്നാണ്! പല വേളകളിലും ശരിയായ രീതിയിൽ അല്ലാതെയും അതിശയോക്തി കലർത്തിയും അവന്റെ നാമത്തെ നാം അവിശുദ്ധമാക്കിയിട്ടുണ്ട്. നമ്മുടെ ജനത്തിന്, കുറച്ച് ആയിരങ്ങൾക്ക് മുകളിലാണെങ്കിൽ അത് ഒരു ലക്ഷമാണ്! പ്രാസംഗികർ അത് ചൂഷണം ചെയ്യരുത്. ഒരു ആധുനിക മാസിക അഞ്ച് അപ്പത്തിന്റെയും രണ്ട് മീനിന്റെയും അത്ഭുതം അവതരിപ്പിക്കുകയാണെങ്കിൽ, 5000 –ന്റെ കൂടെ രണ്ട് അക്കം കൂട്ടിച്ചേർത്ത് ഛായാഗ്രഹണത്തിൽ കൃത്രിമം നടത്തി സത്യമായി തോന്നിപ്പിക്കും! ചില ഇന്ത്യൻ ഏജൻസികൾ അയയ്ക്കുന്ന ചിത്രങ്ങൾ ഒട്ടുമിക്ക ഇന്ത്യാക്കാരും തെരുവുകളിൽ താമസിച്ച് വീടുവീടാന്തരം പാത്രം എടുത്ത് ഭിക്ഷ യാചിച്ച് കഴിയുന്നു എന്ന പാശ്ചാത്യ സുഹൃത്തുക്കൾ ചിന്തിക്കുന്ന തരത്തിലായിരിക്കും. അവർക്ക് ചിത്രങ്ങളും നമുക്ക് ഡോളറും ആവശ്യമാണ്. നാം പരസ്പരം ''സഹായിക്കുന്നു''! ഇത്തരത്തിൽ തെറ്റായ രീതിയിൽ ആകർഷിക്കുന്ന പാപത്തിൽ നിന്നും നമുക്ക് മാനസാന്തരപ്പെടാം.

**6. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ലക്ഷ്യം വയ്ക്കരുത്**

പൗലൊസിന്റെ സാക്ഷ്യം ഒരു വലിയ ആഹ്വാനമാണ്. "ഇപ്പോൾ ഞാൻ

മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല" (ഗലാ. 1:10). മനുഷ്യരെ പ്രസാദിപ്പിക്കാനല്ല, അവരെ അനുഗ്രഹിക്കുന്നതിനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. യേശുവിനെ "ഇടർച്ചക്കല്ല് ആയും തടങ്ങൽ പാറയും" ആയി വിളിക്കുന്നു (റോമ. 9:33). പൗലൊസും "ക്രൂശിന്റെ ഇടർച്ച"യെക്കുറിച്ച് സംസാരിക്കുന്നു (ഗലാ. 5:11). ജനങ്ങൾ "അവങ്കൽ ഇടറിപ്പോയതായി" സുവിശേഷങ്ങളിൽ പലയിടത്തും നാം വായിക്കുന്നു (മത്താ. 13:57, മർക്കൊ.6:3).

ഒരിക്കൽ യേശുവിന്റെ ശിഷ്യന്മാർ അവനോടു പറഞ്ഞു, "പരീശന്മാർ ഈ വാക്ക് കേട്ടു ഇടറിപ്പോയി എന്നു അറിയുന്നുവോ എന്നു ചോദിച്ചു". എന്നാൽ അവൻ മറുപടി പറഞ്ഞത്, "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും. അവരെ വിടുവിൻ; അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ" (മത്താ. 15:12-14). ചില ധനവാന്മാരെയും സ്വാധീനമുള്ളവരെയും നിങ്ങളുടെ കൂടെ നിർത്തുന്നതിനുവേണ്ടി സത്യം മറച്ചുവയ്ക്കരുത്. വ്യാപകമായി അംഗീകാരം ലഭിക്കുന്ന തരത്തിൽ നിങ്ങളുടെ പ്രസംഗത്തെ വളച്ചൊടിക്കരുത്. യോഹന്നാൻ സ്നാപകൻ പരീശന്മാരെയും സദൂക്യരെയും "ഞങ്ങളുടെ ക്യാമ്പയിൻ നിങ്ങളെയും ചേർക്കുന്നത് എന്തൊരു ഭാഗ്യമാണ്" എന്ന് പറഞ്ഞ് അവരെ ഹാരമിട്ട് സ്വീകരിച്ചില്ല! അവൻ അവരെ "സർപ്പസന്തതികളെ" എന്നു വിളിക്കുകയും മാനസാന്തപ്പെടാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. അപ്പൊസ്തലനായ പൗലൊസ് ഗലാത്യരോട് ഇപ്രകാരം ചോദിച്ചു, "അങ്ങനെയിരിക്കെ നിങ്ങളോടു സത്യം പറകകൊണ്ട് ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ"? (ഗലാ. 4:16).

**7. സ്വയം ഉയർത്തരുത്**

യോഹന്നാൻ സ്നാപകൻ പറഞ്ഞു, "അവൻ വളരേണം, ഞാനോ കുറയേണം" (യോഹ. 3:30). യോഹന്നാനെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞത്, "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല" (മത്താ. 11:11).

ചില മാസികകളിൽ കവറിന്റെ പുറത്ത് ഉൾപ്പെടെ വ്യക്തികളെ ഉയർത്തിക്കാട്ടുന്നതു കാണാം. സിനിമ നടന്മാരെപ്പോലെ സുവിശേഷകരെ

വിവിധ ഭാവത്തിൽ ചിത്രങ്ങൾ ഉടുക്കും. ആ മാസിക വായിച്ചതിനുശേഷം അല്ലെങ്കിൽ ആ സന്ദേശം ശ്രദ്ധിച്ചതിനുശേഷം "എന്തൊരു ശക്തനായ പ്രാസംഗികൻ :" എന്നല്ല, "എന്തൊരു അത്ഭുതവാനായ രക്ഷകനാണ് നമുക്കുള്ളത്"! എന്ന് നാം ആശ്ചര്യപ്പെടും. പേരിനോടൊപ്പമുള്ള റവറണ്ട് എന്ന പദവിയും ഒഴിവാക്കേണ്ടതാണ്. "അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു" (സങ്കീ. 111:10). ഈ നൂറ്റാണ്ടിലെ പ്രസിദ്ധനായ അപ്പൊസ്തലന്മാരി ലൊരാളെപ്പോലും കേവലം സഹോ. ഭക്ത്സിംഗ് എന്നാണ് വിളിച്ചത്. യേശു പറഞ്ഞു "നിങ്ങളോ എല്ലാവരും സഹോദരന്മാർ" (മത്താ. 23:9). കുറഞ്ഞ വിലയ്ക്ക് ഡോക്ടറേറ്റ് നൽകുന്ന സ്ഥാപനങ്ങളുണ്ട്. പദവികളുടെ വില കുറഞ്ഞു.

**8. സാമ്പത്തിക കാര്യങ്ങളിൽ ചോദ്യം ചെയ്യപ്പെടുന്നവർ ആകരുത്**

പൗലൊസ് കൊരിന്ത്യസഭയ്ക്ക് എഴുതുന്നു, "ഞങ്ങൾ നടത്തി വരുന്ന ഈ ധർമ്മശേഖര കാര്യത്തിൽ ആരും ഞങ്ങളെ അപവാദം പറയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ട് ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു മുൻകരുതുന്നു" (2 കൊരി. 8:20,21).

ചില സഭകളിൽ "ദശാംശം", കണക്കിൽ ഉൾപ്പെടുത്താതെ വലിയ തുക ശുശ്രൂഷകർ ജനങ്ങളിൽ നിന്ന് കൈപ്പറ്റാറുമുണ്ട്. കണക്കിൽ ഉൾപ്പെടുത്താത്ത തുക കള്ളപ്പണമാണ്. ഈ മിഷൻസ് അസ്സോസിയേഷൻസ് അക്കൗണ്ടുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്ന മിഷനുകൾക്ക് മാത്രമേ അംഗത്വം നൽകുകയുള്ളൂ. നാം പൊതുധനം കൈകാര്യം ചെയ്യുന്നതുകൊണ്ട് അത്തരത്തിലുള്ള ഒരു സാമ്പത്തിക ഉത്തരവാദിത്തമാണ് നമുക്ക് ആവശ്യം. ഒരു ശുശ്രൂഷകൻ തന്റെ പത്നിയേയോ ബന്ധുവിനെയോ ട്രഷറർ ആയി നിയമിക്കാൻ പാടില്ല. നാം നിന്ദിക്കപ്പെടാതെ ജീവിക്കാൻ ശ്രദ്ധിക്കുക. അപ്പൊസ്തലന്മാർ സാമ്പത്തിക കാര്യങ്ങൾ നോക്കുന്നതിന് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട "നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ" ഏൽപ്പിച്ചിരിക്കുന്നു (അപ്പൊ.പ്ര. 6:3). ബില്ലിഗ്രഹാം സാക്ഷിക്കുന്നു, "ഞങ്ങളുടെ സംഘടനയുടെ എല്ലാ സാമ്പത്തിക കാര്യങ്ങളും ഒരു ഡയറക്ടർ ബോർഡിനെ ഏൽപ്പിച്ചിരിക്കുന്നു; ഈ വക കാര്യങ്ങളിൽ എനിക്ക് ഒരു നിയന്ത്രണവുമില്ല.

●

# കൃപയോടുകൂടിയ അത്ഭുതം

ഡോ. പുഷ്പരാജ് (ജാമക്കാരൻ) ആയ ഞാൻ ഈ മാസത്തിലെ എന്റെ ബാങ്ക് ബാലൻസ് താഴെ പരസ്യപ്പെടുത്തുന്നു. എന്നെ പ്രാർത്ഥനയിലും സംഭാവനയിലും താങ്ങി വരുന്ന വായനക്കാർക്കുവേണ്ടി തമിഴ് & മലയാളം ഓരോരോ വർഷവും പരസ്യപ്പെടുത്തുന്നത് പതിവാണ്.

എനിക്കു രണ്ടു ബാങ്കിൽ പണമിടപാട് ഉണ്ട്.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ശ്രീരംഗപാളയം ബ്രാഞ്ച്, സേലം
2. കാനറ ബാങ്ക്, സുരമംഗലം ബ്രാഞ്ച്, സേലം

ഈ രണ്ട് ബാങ്കുകളിലെ 2022 മാർച്ച് മാസം വരെയുള്ള ബാലൻസിന്റെ മൊത്ത തുക വിവരം അറിയിക്കുന്നു.

PPO Number :

**Generally used abbreviations**

| | | |
|---|---|---|
| a/c = Account | dep = Deposit | Pr = Principal |
| adj - Adjustment | Dft = Draft | proc = Processing cha |
| Amt = Amount | dish/dsh = Dishonour | rd = Recurring Deposi |
| Ar = Arrear | DR = Debit | ret/rtn = Return |
| bal = Balance | DoB = Date of Birth | Rnd = Round of |
| Capn = Capitalization | eft = Electronic Fund Transfer | sb = Savings Bank |
| chg/ch = charge | Inop = Inoperative | SC = Short Credit |
| chq = Cheque | ins = Insurance | SI/So/SORD = Standin |
| Clos = Closure | int/in = Interest | S/D/W/H/o = Son/Daug |
| coll = Collection | lon/ln = Loan | tr/trf/xfer = Transfer |
| comm = Commission | min = Minimum | TT = Telegraphic Transfer |
| COR / CORR = Correction | os = Outstanding | txn = Transaction |
| CR = Credit | P & T = Postage & Telegram | Wdl = withdrawal |
| csh = Cash | Pos = Point of sale | +Mod bal = total balance (Sb+linked MOD a/c) |



भारतीय स्टेट बैंक State Bank of India

Branch: SRIRANGAPALAYAM (SALEM) Code: 1970
11/289, RAMKRISHNA ROAD, SALEM,

Email: SBI.01970@SBI.CO.IN
Phone No.: 2312794 Buss. Hrs:09:45:00-16:45:00
IFSC: SBIN0001970 MICR: 636002003

Name: DR PUSHPARJ M G E
S/D/H/o : MANGALAVADHANI MOP: SINGLE
CIF Number : 80611525258 A/c Opening Dt: 25/04/1998
Account No.: 10764116842 Nom Reg No: 0000000219132225
A/c Type : REGULAR SAVINGS BANK ACCOUNT Customer's PAN: ADEPM5593P
Address : 89 & 90, MAJEETH STREET, OLD SURAMANGALAM, SALEM -5, SALEM-TALUK Date of Issue: 05/03/2022 CONTINUATION
Phone No. : 04272387499
Email :
D.O.B.(If Minor):

शाखा प्रबंधक
Branch Manager

| DATE | PARTICULARS | CHEQUE NO. | DEBIT | CREDIT | BALANCE |
|---|---|---|---|---|---|
| | | | | Brought Forward | 44096.95 CR |
| 24.03.22 | eCHQ:MAC000950876636 NEFT2022032300IN422073983737 IOB8000F0034INDIAN BANK ADJOVMO: XX0186 | 000824587 | 12004.72 | 3000.00 | 32092.23 CR |
| | Uncl Bal: 0.00 Clr Bal: 32092.23 Cr;+MOD BAL: 0.00 | | | | |
| | Uncl Bal: 0.00 Clr Bal: 34487.51 Cr;+MOD BAL: 0.00 | | | | |

24.03.22 ———— Balance 32092. 23

Nominee Name: Nominee RegNo:

केनरा बैंक Canara Bank



NAME AND ADDRESS OF BRANCH
SALEM SURAMANGALAM
CANARA BANK
58, POST OFFICE,MAIN ROAD
SURAMANGALAM
SALEM
TAMIL NADU-636005
**IFSC Code:CNRB0001219 MICR Code: 636015005**
Tel No:9489043430 Fax No:1
Email ID:cb1219@canarabank.com

Contact details of Banking Ombudsm
The Banking Ombudsman
C/o. RBI
Fort Glacis
Chennai
Chennai-600001
Tel.No.0000/0000
Fax.No.0 Email ID:bochennai@rbi.org.in

ACCOUNT DETAILS: **Account No:1219101013622**
NAME(S) PUSHPARAJ M.G.E
Occupation X - not categorized
Address 89 90 MAJID STREET,OLD SURAMANGALAM ,SALEM-636005-TAMIL NADU-INDIA PIN/ZIP number: 636005
**Customer ID : 27605332** D.O.B : 13-NOV-1941
A C Opened On 16-MAY-1987
Mode of Operation:SELF PB Issue Date:20-SEP-2021
Mobile:919894261333 Email:

कृते केनरा बैंक For Canara Bank

खाता सं A/c No.

| क्रम सं. Sl. No. | तारीख Date | विवरण Particulars | चेक संख्या Ch No. | निकासी Withdrawals | जमाराशियाँ Deposits | शेष Balance | आद्याक्षर Initials |
|---|---|---|---|---|---|---|---|
| 01 | | | | | | | |
| 02 | | | | | | | |
| 03 | | | | | | | |
| 04 | 20/03/2022 | SMS ALERT CHARGES NEW | | 18.00 | | 20853.06 | |
| 05 | 22/03/2022 | SI 0819101102781 G IGEY MATHEW DR MGE PU SHPARAJ | | | 1000.00 | 21853.06 | |
| 06 | | | | | | | |
| 07 | | | | | | | |
| 08 | 22/03/2022 | CASH-BNA-0938 0938BY0 1- 22/03/22 11:52:45 | 0 | | 10000.00 | 31853.06 | |
| 09 | | | | | | | |
| 10 | | | | | | | |
| 11 | 24/03/2022 | Chq Paid-MICR Inward Clearing-PRINTECH COM PUTER-CITY UNION BANK LTD-CITY UNION BANK LTD. | 49346480 | 14000.00 | | 17853.06 | |
| 12 | | | | | | | |
| 13 | | | | | | | |
| 14 | | | | | | | |
| 15 | | | | | | | |
| 16 | 25/03/2022 | Cash Deposit SELF BLR NANDI | | | 5000.00 | 22853.06 | |

25.03.22 ———— Balance 22853. 06

24-03-2022 സ്റ്റേറ്റ് ബാങ്കിൽ ആകെ ബാലൻസ് 32082.28 രൂപ, 25-03-2022 കാനറാബാങ്കിൽ ആകെ ബാലൻസ് 22853.06 രൂപ.

ഈ രണ്ടു ബാങ്കുകളിൽ ബാലൻസ് തുക വളരെ കുറവായി കാണപ്പെടുന്നു.

ഇനി വരുന്ന ദിവസങ്ങളിൽ ജാമക്കാരൻ മാസിക ചിലവ് താങ്കൾ എങ്ങനെ വഹിക്കും. മാസം തോറും തമിഴ് & മലയാളം രണ്ടു ഭാഷകളിലും പ്രിന്റ് ചെയ്യാൻ പേപ്പർ ചെലവ് – പ്രിന്റിംഗ് ചാർജ് – മാസികകളെ പോസ്റ്റിൽ അയക്കാൻ സ്റ്റാമ്പ് ചെലവുകൾ മാസികകളെ കവറിൽ ഇടുവാൻ വേണ്ടി കവർ ഉണ്ടാക്കുന്ന പ്രത്യേക ചിലവ് ഓഫീസിൽ കമ്പ്യൂട്ടർ സ്റ്റാഫിന് കൊടുക്കാനുള്ള ചിലവ് ഇതോടൊപ്പം യാത്രചെവ് ഇതിനെല്ലാം പല ലക്ഷം രൂപ വേണമല്ലോ ഇത് എങ്ങനെ നിങ്ങൾ ഒപ്പിക്കാൻ പോകുന്നു എന്ന് പലർക്കും ചോദ്യങ്ങൾ ഉണ്ടാകും. ഈ വിഷയത്തെക്കുറിച്ചു നേരത്തെ തന്നെ ഞാൻ എഴുതിയിട്ടുണ്ട്. എന്നാലും പുതിയ തലമുറ ജാമക്കാരൻ വായനക്കാർക്കുവേണ്ടി വീണ്ടും എഴുതുന്നു. ഈ മാസിക ദൈവവേല എന്നെ ഏല്പിച്ചത് എന്നെ മാനസാന്തത്തിലേക്കു നടത്തിയ എന്റെ ദൈവത്തിന്റെ ഏർപ്പാടാണ്. ഇതിനു തന്നെ ഞാൻ തലക്കെട്ടായി കൃപയുള്ള അത്ഭുതം എന്നു എഴുതി. ഈ ബാങ്കു വിവരങ്ങളെ ഓരോ വർഷവും പരസ്യപ്പെടുത്തുന്നു.

ജാമക്കാരൻ കുറ്റം പറയുന്ന പിശാചിന്റെ ആത്മാവ് എന്നു എന്നെ കുറ്റംപറയുന്ന ദൈവവേലക്കാർ ധാരാളം ഉണ്ട്. ഇങ്ങനെ പറയുന്നവരെല്ലാം യഥാർത്ഥ ദൈവവേലക്കാർ അല്ല. പണവെട്ടിപ്പു നടത്തുന്നവർ കള്ളം പറയുന്നവരും പള്ളിയിൽ ജനങ്ങൾ അയക്കുന്ന കാണിക്കയെ വെട്ടിപ്പു നടത്തുന്നവരും കള്ളപ്രവാചനം പറയുന്നവരുമാണ്. ബൈബിൾ ശരിക്കു വായിക്കാത്ത മറ്റുള്ള ക്രിസ്ത്യാനികളും ഇങ്ങനെ പറയും.

ഇവർ എല്ലാവരും പറയുന്നതു ഞാൻ കാര്യമാക്കാതെ വചനത്തെ മാത്രം വിശ്വസിക്കുന്ന വിശ്വാസികളും നല്ല ദൈവവേലക്കാരും എന്നെയും എന്റെ ദൈവവേലയും ജാമക്കാരനിൽ ഞാൻ എഴുതുന്ന കർത്താവിന്റെ വാർത്തകളും മറ്റുപദേശങ്ങളെക്കുറിച്ചും ദൈവവേലക്കാരെക്കുറിച്ചും ഞാൻ എഴുതുന്ന വിമർശനങ്ങളേയും സത്യം എന്നു വിശ്വസിക്കുന്നവരെക്കൊണ്ടു മാത്രമാണ് ഈ മാസിക ദൈവവേലയെ കഴിഞ്ഞ 58 വർഷങ്ങളായി കുറവില്ലാതെ കടമില്ലാതെ നടത്തി വരുന്നത് ദൈവത്തിന് സ്തേത്രം.

**കൊറോണ** കാലങ്ങളിൽ വലിയ സ്റ്റാർ ദൈവവേലക്കാരുടെ മാസികകളെല്ലാം മുടങ്ങിപ്പോയി പക്ഷെ ജാമക്കാരൻ മാത്രം (തമിഴ് & മലയാളം) രണ്ടു ഭാഷകളിലും ഓരോരോ മാസവും മുടങ്ങാതെ അയച്ചുകൊണ്ടിരുന്നു ദൈവത്തിനു സ്തോത്രം. ഈ മാസിക വായിച്ചു നന്മ ലഭിച്ചവർ ധാരാളം പേർ എഴുതിയ സാക്ഷികളെ ഞാൻ പരസ്യപ്പെടുത്തിയിട്ടില്ല. ആ സാക്ഷികൾ വലിയ അത്ഭുതമാണ് ഇങ്ങനെ പലർക്ക്

ജാമക്കാരൻ വചനത്തെളിവു ഉണ്ടാക്കുന്നതുകൊണ്ടു തെറ്റായ കള്ള ദൈവവേലക്കാരെയും കള്ള ഉപദേശങ്ങളേയും ചൂണ്ടിക്കാണിക്കാൻ കർത്താവ് എന്നെ തുടർന്നും ഉപയോഗിച്ചു കൊണ്ടു വരുന്നു.

അതുപോലെ വെബ്സൈറ്റിൽ വായിക്കുന്നവർ ഒഴികെ **162 രാജ്യങ്ങളിൽ** താമസിക്കുന്ന ജാമക്കാരൻ വായനക്കാർക്കും എയർമെയിൽ പോസ്റ്റിൽ ലക്ഷക്കണക്കായ രൂപകളെ സ്റ്റാമ്പുകൾ വാങ്ങാൻ വേണ്ടി ചിലവാക്കി അയക്കുന്നു. ഇങ്ങനെ ചിലവഴിക്കുന്ന പണം ഒന്നും നഷ്ടമാകുന്നില്ല. ഓരോരോ മാസ ജാമക്കാരൻ വായിക്കുന്ന എല്ലാപേർക്കും ജാമക്കാരൻ എഴുതുന്ന വിഷയങ്ങൾ അനുഗ്രഹമായിരിക്കുന്ന, ഇങ്ങനെയുള്ള ഈ ജാമക്കാരൻ മാസികയെ കർത്താവും എങ്ങനെ മുടക്കും എങ്ങനെ നിർത്തും? മുകളിൽ നിങ്ങൾ കണ്ട ബാങ്ക് പാസ്സ്ബുക്കിൽ കാണുന്ന ബാലൻസ് വളരെ കുറവായി കാണപ്പെട്ടാലും നാളുകൾ കഴിയുന്തോറും പണ വരവ് ചെലവ് താഴാതെ കൂടിക്കൊണ്ടിരിക്കും. വായനക്കാർക്കു എങ്ങനെ മനസ്സിലാകുന്നു എന്നു എനിക്കറിയില്ല. എന്റെ ദൈവവേലയിൽ എന്റെ ആവശ്യങ്ങൾ കൂടുമ്പോൾ വായനക്കാർ അയക്കുന്ന സംഭാവനയും കൂടും. ഇത് ഒരത്ഭുതം അല്ലേ? ഇതിൽ മറ്റൊരത്ഭുതം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. എന്റെ പണ ആവശ്യങ്ങളെക്കുറിച്ച് എന്റെ മാസികയിൽ പരോക്ഷമായിട്ടോ പ്രത്യക്ഷമായിട്ടോ ഞാൻ എഴുതിയിട്ടില്ല എന്നുള്ളതിന് വായനക്കാരായ നിങ്ങൾ തന്നെ സാക്ഷികൾ.

മറ്റൊരു പ്രധാന വാർത്ത ഞാൻ അറിയിക്കുന്നു. ഞാൻ പറയാൻ പോകുന്ന ഈ വിഷയത്തെ ഒത്തിരിപ്പേർ വിശ്വസിക്കാൻ സാധിക്കില്ല എന്നു ഞാൻ അറിയുന്നു. അത് എന്താണ് എന്നു ഞാൻ പറയട്ടെ. **ഇന്നത്തെ ദിവസം വരെ എന്റെ പണ** ആവശ്യങ്ങൾക്കായി എന്നെ നടത്തുന്ന എന്റെ ദൈവത്തോടു ഞാൻ പ്രാർത്ഥന ചെയ്തിട്ടില്ല. ഇത് എന്നെ നോക്കിക്കൊണ്ടിരിക്കുന്ന കർത്താവിന്റെ മുമ്പിലും നിങ്ങളുടെ മുമ്പിലും പറയാൻ ആഗ്രഹിക്കുന്നു. ഇത് വിശ്വസിക്കാൻ ചിലർക്കു പ്രയാസം തന്നെ. എന്നാലും അതാണ് സത്യം.

കാരണം എന്തെന്നാൽ ഇതു ദൈവത്തിന്റെ വേല. ഈ പ്രധാന വേലയെ ആരും ചെയ്യുവാൻ ധൈര്യപ്പെട്ടിട്ടില്ല. മറ്റവർ ചെയ്യുന്ന തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നതും വചനത്തിന് വിരോധമായി പറയുന്ന തെറ്റായ ഉപദേശങ്ങളെ പണവെട്ടിപ്പുകളെ ഞാൻ തെളിവായി മാസികയിൽ പരസ്യപ്പെടുന്നതു എനിക്കും എന്റെ കുടുംബത്തിനും മരണ ആപത്ത് ഉണ്ടാക്കുന്നതാണ്. എത്രയോ വർഷങ്ങളായി

എന്നെ ഭീഷണിപ്പെടുത്തിയ സംഭവങ്ങൾ, ഫോൺ വഴി ഭീഷണി പ്പെടുത്തിയതും. പല വലിയ ദൈവവേലക്കാരും ബിഷപ്പുമാരും മോഡറേറ്ററും എനിക്കയച്ച വക്കീൽ നോട്ടീസുകൾ ധാരാളം ഇത്ര എതിർപ്പുകളെയും അഭിമുഖീകരിച്ചുതന്നെ കഴിഞ്ഞ 58 വർഷങ്ങളായി എന്റെ ദൈവവേല നിറവേറ്റി വരുന്നു.

- ഓരോരോ വർഷവും എനിക്കു വരുന്ന പണവരവു - ചെലവു കണക്കുകളെ വർഷം തെറ്റാതെ ചെന്നയിലുള്ള പ്രശസ്ത **ഓഡിറ്റർ** അവർകൾക്കു അയച്ചു ബിൽ സഹിതം അവയുടെ വിവരങ്ങൾ ഇൻകംടാക്സ് ഓഫീസിൽ അയച്ചു അതിനുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചു അതു ഞാൻ സൂക്ഷിച്ചു വെച്ചിരിക്കുന്നു. പണവിഷയത്തിൽ ആരും എന്നെ കുറ്റം പറയാത്തവണ്ണം പൗലൂസ് പറയുന്നതുപോലെ ഞാൻ ദൈവത്തിൽ മുമ്പിലും മനുഷ്യരുടെ മുമ്പിലും യോഗ്യമായി നടക്കുന്നു.

നാം ദൈവത്തിന്റെ മുമ്പിൽ സത്യസന്ധരായി നടന്നാൽ ദൈവവും നമ്മുടെ വിഷയത്തിൽ സത്യസന്ധനായിരിക്കും. പണവിഷയത്തിൽ ഞാൻ എന്റെ വായനക്കാരെ പൂർണ്ണമായി പ്രതീക്ഷിക്കുന്നില്ല. ഞാൻ മാസികയിൽ ചില വിഷയങ്ങൾ എഴുതുമ്പോൾ ഞാൻ എഴുതുന്ന ആശയം ചില വായനക്കാർക്കു ഇഷ്ടമില്ലാതെ പോകും. അപ്പോൾ അവർക്കു ദേഷ്യം ഉണ്ടായി. പണം അയയ്ക്കുന്നത് നിർത്തും. ഇതു മനുഷ്യസ്വഭാവം തന്നെ. അതുകൊണ്ട് എന്റെ ദൈവവേല ആവശ്യങ്ങൾക്കു എന്നെ നടത്തുന്ന എന്റെ ദൈവത്തെ ഒഴികെ വേറെ ആരെയും ഞാൻ പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല എന്റെ കർത്താവു ഞാൻ ചോദിക്കുന്നതിനു മുമ്പേ എനിക്കു ഇന്നതു ആവശ്യം എന്ന് അറിഞ്ഞിരിക്കുന്നു. കർത്താവിനു സ്തുതി സ്തോത്രം ഉണ്ടായിരിക്കട്ടെ.

എന്റെ കയ്യിൽ ഏല്പിക്കപ്പെട്ട ജാമക്കാരന്റെ മൂന്നുവിധ വേല

- വിശ്വാസികൾക്കു വെളിയിൽ നിന്നു വരുന്ന ആപത്തുകൾ അറിയിക്കുന്നത്.
- സഭകളിലും കുടുംബത്തിനുള്ളിലും ഉള്ള തെറ്റായ വിഷയങ്ങളെ ചൂണ്ടിക്കാണിച്ചു മുന്നറിയിക്കുന്നു.
- ആദിവാസികൾക്കു സുവിശേഷം അറിയിക്കുന്നു.

ഈ 82-ാമത്തെ വയസ്സിൽ ഈ മൂന്നുവേലയും ഞാൻ തുടർന്ന് ചെയ്യുവാൻ ദൈവം എനിക്കു തന്ന ഓർമ്മ ശക്തിക്കും, ആരോഗ്യത്തിനും ആയുസ്സിനും ഞാൻ കോടികോടി സ്തോത്രം പറയുന്നു.

# How Long, O Lord

How long oh Lord our Saviour,
Will Thou remain away ?
Our hearts are growing weary
Of Thy so long delay.

Oh when shall come the moment
When brighter far than morn,
The sunshine of Thy glory
Shall on Thy people dawn ?

How long, O gracious Saviour,
Will Thou Thy household leave ?
So long hast Thou now tarried,
Few Thy return believe.

- *Selected*



Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.

**MAY - 2022**